# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1307** **03.10.2016-ൽ മറുപടിക്ക്**

**എ.ടി.എം. തട്ടിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ഐ. ബി. സതീഷ്<br>ശ്രീ. പി. വി. അൻവർ | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം ആർക്കാണ് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം അതാത് ബാങ്കുകൾക്കാണ്. |
| (ബി) | നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിന് വെല്ലുവിളിയാകുന്ന വിവിധ തരത്തിലുള്ള എ.ടി.എം. തട്ടിപ്പുകൾ തടയുന്നതിന് നിലവിലെ സംവിധാനങ്ങൾ പര്യാപ്തമാണോ; | (ബി) | വിവിധ തരത്തിലുള്ള എ.ടി.എം. തട്ടിപ്പുകൾ തടയുന്നതിൽ നിലവിലെ സംവിധാനങ്ങൾ പൂർണ്ണമായും പര്യാപ്തമല്ല എന്നാണ് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത്. |
| (സി) | ഇല്ലെങ്കിൽ അവ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | എ.ടി.എം. കൗണ്ടറുകളുടെ സുരക്ഷ ശക്തമാക്കാൻ സംസ്ഥാനത്തെ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ടി.എം. സെന്ററുകളിൽ ക്യാമറകൾ സ്ഥാപിച്ചും ആയത് ഫലപ്രദമായി നിരീക്ഷിച്ചും, എല്ലാ എ.ടി.എം. സെന്ററുകളിലും സുരക്ഷാ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ബാങ്കുകൾക്ക് നിർദേശം നൽകിയും, നൈറ്റ് പട്രോളിംഗ് ഹൈവേ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പരിധിയിലെ എ.ടി.എം. കൗണ്ടറുകൾ സുരക്ഷാ പരിശോധന നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയും സുരക്ഷാക്രമീകരണം നടപ്പിലാക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**